(സി) ഈ അദ്ധ്യയന വർഷം 2005 ജൂലൈ മാസം ആരംഭിച്ച് 2005 ഡിസംബർ മാസം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പാചക–ശുചീകരണ തൊഴിലാളികളുടെ സേവന–വേതന വ്യവസ്ഥകൾ

89 [2401] ഡോ. എ. നീലലോഹിതദാസൻ നാടാർ:
,, കെ. സി. ജോസഫ്:
ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. പി. മോഹനൻ:
,, സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്കൂളുകളിൽ ആകെ എത്ര പാചക–ശുചീകരണ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള കൂലി വർദ്ധനവ് ഇവർക്ക് നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 11315 പേർ.

(ബി) ഉണ്ട്. ഇക്കാര്യത്തിൽ വിശദ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് പാചകത്തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

ഉച്ചക്കഞ്ഞി പാകം ചെയ്യുന്ന ജീവനക്കാർക്കുള്ള ആനുകൂല്യം

90 [2402] ശ്രീ. കോവൂർ കുഞ്ഞുമോൻ:
,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഉച്ചക്കഞ്ഞി പാകം ചെയ്യുന്ന ജീവനക്കാരുടെ വേതനം വളരെ പരിമിതമാണെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകാനുള്ള എന്തെങ്കിലും തീരുമാനം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(സി) ഭാവിയിലുണ്ടാകുന്ന ഒഴിവുകളിൽ ഇവരെ പാർട്ട് ടൈം മീനിയൽ ആയി പരിഗണിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ പുതിയ മാർഗ്ഗ നിർദ്ദേശമനുസരിച്ച് 2004 സെപ്റ്റംബർ മാസം മുതൽ പാചകക്കൂലി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അംഗീകാരം കിട്ടുന്ന മുറയ്ക്ക് പാചകത്തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly